നമ്പർ. സി1/12/2018/റ്റിസി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ*
*തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി : 11/01/2018

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും

സർ,

വിഷയം : ***മോട്ടോർ വാഹന വകുപ്പ്*** — കെ.എസ്.ആർ.ടി.സി വാഹനങ്ങളുടെ ആൾട്ടറേഷൻ (നിറം/എഞ്ചിൻ/ഇരിപ്പിടങ്ങളുടെ എണ്ണം എന്നിവയിലെ മാറ്റം) അപേക്ഷകളിൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ- സംബന്ധിച്ച്.

സൂചന : ആർ.റ്റി.ഒ ദേശസാത്കൃത വിഭാഗത്തിന്റെ 05/12/2017 ലെ കത്ത്

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന പ്രകാരം നിലവിൽ കേരളത്തിലുടനീളമുള്ള കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ വാഹനങ്ങളുടെ ആൾട്ടറേഷനുമായി ബന്ധപ്പെട്ട് ഫീസ് സ്വീകരിക്കുന്നത് വകുപ്പിന്റെ വിവിധ ഓഫീസുകളിലാണെന്നും തുടർന്ന് അപേക്ഷകൻ വാഹനപരിശോധനാ റിപ്പോർട്ടും ഫീസും മറ്റ് അനുബന്ധരേഖകളുമായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ എൻഡോഴ്സ് ചെയ്യുന്നതിനായി ആർ.റ്റി.ഒ ദേശസാത്കൃത വിഭാഗത്തിൽ ഹാജരാക്കുന്നത് ആഴ്ചകൾക്കും മാസങ്ങൾക്കും ശേഷമാണെന്നും ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിലെ ഫീസ് ഒടുക്കിയിട്ടുള്ള ഓഫീസുമായി സോഫ്റ്റ്‌വെയർ മുഖേന ബന്ധപ്പെടാൻ നിലവിൽ സംവിധാനം ഇല്ലാത്തതിനാൽ ഫീസുകൾ ദുരുപയോഗപ്പെട്ടുവാൻ സാധ്യത ഉള്ളതായും ഇത്തരം ഫീസുകൾ സർവീസ് പൂർത്തിയാകാതെ സിസ്റ്റത്തിൽ നിലനിൽക്കുന്നതായും ഇത്തരം ഫീസ് രസീതികളിൽ ആർ.റ്റി.ഒ ദേശസാത്കൃത വിഭാഗത്തിൽ പുതിയ ഇൻവേഡ് നമ്പർ നൽകേണ്ടിവരുന്നതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ആർ.റ്റി.ഒ ദേശസാത്കൃത വിഭാഗത്തിന്റെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫീസ് ഓടുക്കാതെ തന്നെ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും കെ.എസ്.ആർ.ടി.സി വാഹനങ്ങളുടെ ആൾട്ടറേഷനുമായി ബന്ധപ്പെട്ട അപേക്ഷകളിൽ ഇതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ വാഹനം പരിശോധിച്ച് വാഹനപരിശോധനാ റിപ്പോർട്ട് നൽകേണ്ടതും ആയത് അപേക്ഷകൻ (കെ.എസ്.ആർ.ടി.സി) മറ്റ് രേഖകൾക്കൊപ്പം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ എൻഡോഴ്സ് ചെയ്ത് വാങ്ങുന്നതിനായി ആർ.റ്റി.ഒ ദേശസാത്കൃത വിഭാഗത്തിൽ മാത്രം ഫീസ് ഒടുക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്/-
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

12/1/2018

സീനിയർ സൂപ്രണ്ട്.

12/1

പകർപ്പ് : ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരത്തിന്റെ അറിവിലെയ്ക്കും നടപടികൾക്കുമായി.